**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,ഹയർസെക്കന്ററി
വിഭാഗം, ഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം.

**സി.ജി& എ.സി/5658/2020/**HSE തീയതി : 25/11/2020

# സർക്കുലർ

വിഷയം: പൊ.വി.വ- ഹ.സെ.വി- സിജി & എസി- സൗഹൃദ വാരാചരണ സമാപനം - സംബന്ധിച്ച്

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ( സാർവ്വദേശീയ) ശിശുദിനമായ നവംബർ 20 മുതൽ സൗഹൃദ വാരമായി ആചരിച്ചു വരികയാണ്. സൗഹൃദ വാരാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് എല്ലാ സ്കൂളുകളിലും **'ജീവനം അതിജീവനം'** എന്ന വിഷയത്തെ അസ്പദമാക്കി പോസ്റ്റർ രചന, മൊബൈൽ ഫോട്ടോഗ്രാഫി മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. അതോടെപ്പം തന്നെ **ജീവിത നൈപുണികളുടെ പ്രാധാന്യം നിത്യജിവിതത്തിൽ** എന്ന വിഷയത്തെ കുറിച്ച് ഉപന്യാസ രചന മത്സരവും നടത്തേണ്ടതാണ്( ഇംഗ്ലീഷ് /മലയാളം).

നിബന്ധനകൾ

1) പോസ്റ്റർഡിസൈൻ: A4 സൈസ് പേപ്പറിൽ തയ്യാറാക്കിയ പോസ്റ്ററുകളുടെ ഫോട്ടോ വിദ്യാർത്ഥികളിൽ നിന്നും സൗഹൃദ കോഡിനേറ്റർമാർ ശേഖരിയ്ക്കേണ്ടതാണ്. (കമ്പ്യൂട്ടർ/മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിൽ ഡിജിറ്റലായി തയ്യാറാക്കിയ (Digitally generated images) പോസ്റ്ററുകൾ സ്വീകരിയ്ക്കുവാൻ പാടുള്ളതല്ല.
2) മൊബൈൽ ഫോട്ടോഗ്രാഫി: പൂർണ്ണമായും മൊബൈൽഫോൺ ക്യാമറയിൽ പകർത്തിയതും, യാതൊരുവിധ എഡിറ്റിംഗ് നടത്താത്തതുമായ ചിത്രങ്ങൾ മാത്രമേ മത്സരത്തിന്നു പരിഗണിക്കാൻ പാടുള്ളു.
3) ഉപന്യാസ രചന: നവംബർ 20 മുതൽ സൗഹൃദ വാരാചരണത്തിന്റെ ഭാഗമായി സംപ്രേഷണം ചെയ്ത വിഡിയോകളെ അധികരിച്ച് **ജീവിത നൈപുണികളുടെ പ്രാധാന്യം നിത്യജിവിതത്തിൽ** എന്ന വിഷയത്തെ കുറിച്ച് 200 വാക്കിൽ കവിയാത്ത ഉപന്യാസം രചിക്കുക

- സ്കൂൾതല മത്സരങ്ങൾ **30/11/2020** വൈകുന്നേരം അഞ്ചുമണിക്കകം പൂർത്തിയാക്കേണ്ടതാണ്.
- സ്കൂൾ തലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവ സൗഹൃദ കോ-ഓർഡിനേറ്റർ/കരിയർ ഗൈഡ്, **02/12/2020** രാവിലെ 10.00 മണിക്കകം ജില്ലാ കോഡിനേറ്റർക്ക് അയച്ചു കൊടുക്കേണ്ടതാണ്.
- മൂന്നുമത്സരവിഭാഗങ്ങളിൽ ജില്ലാതലത്തിലേയ്ക്ക് ലഭ്യമാക്കിയവയിൽ നിന്നും രണ്ടുവീതം മികച്ച സൃഷ്ടികൾ തെരഞ്ഞെടുക്കുന്നതിനായി വിദഗ്ധസമിതിയെ അതാത് ജില്ലാ കോർഡിനേറ്റർമാർ നിയോഗിക്കേണ്ടതാണ്.
- ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടികൾ സംസ്ഥാനതല മത്സരത്തിന് പരിഗണിക്കപ്പെടുന്നതിനായി **arucdhse2017@gmail.com** എന്ന ഈ-മെയിൽ വിലാസത്തിൽ **04/12/2020** ന് രാവിലെ 11.00 മണിയ്ക്കം ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/
**ജോയിന്റ്ഡയറക്ടർ**
(അക്കാദമിക്)

**To,**

1. **RDD's**
2. **Principals**
3. **Souhrida Co-ordinators**